"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018ലെ പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കാസർഗോഡ് ജില്ലയിലെ ശ്രീ.ഖാലിദ് S/o. മുഹമ്മദ്, ശ്രീ.അബ്ദുൽ മജീദ് S/o. മാഹിൻ കുഞ്ഞ് എന്നിവർക്ക് സ്ഥലം വാങ്ങി വീട് വെക്കുന്നതിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2906/2024/RD തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:-

1. സ.ഉ(കൈ)നം7/2018/ദു.നി.വ തീയതി 21.6.2018
2. മഞ്ചേശ്വരം താലൂക്ക് തഹസിൽദാരുടെ 19.3.2019 ലെ G3-3564/18നമ്പർ നടപടിക്രമം
3. സ.ഉ.(സാധ)നം. 4377/2023/റവ തീയതി 6.12.2023
4. കാസർഗോഡ് ജില്ല കളക്ടറുടെ 28.11.2024 തീയതിയിലെ ഡി.സി.കെ.എസ്.ജി.ഡി/6950/2024/L6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സൂചന(1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 2018-ലെ പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട ശ്രീ. ഖാലിദ് S/o. മുഹമ്മദ്, ശ്രീ. അബ്ദുൽ മജീദ് S/o. മാഹിൻ കുഞ്ഞ് എന്നിവർക്ക് സ്ഥലം വാങ്ങി വീട് വെക്കുന്നതിനുള്ള തുക അനുവദിക്കണമെന്ന് കാസർഗോഡ് ജില്ല കളക്ടർ സൂചന(4) കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു.

2.വീട് നിർമ്മിക്കാൻ അനുവദിക്കുന്ന 4,00,000/- രൂപയിൽ SRDF വിഹിതമായ 95,100/- രൂപ ശ്രീ. ഖാലിദിന് സൂചന(2) പ്രകാരം ഇതിനോടകം അനുവദിച്ചിട്ടുള്ളതിനാൽ ആ ഇനത്തിലുള്ള CMDRF വിഹിതമായ 3,04,900/- രൂപ അനുവദിക്കേണ്ടതുണ്ടെന്നും അബ്ദുൽ മജീദിന് ഈ ഇനത്തിലുള്ള 4,00,000/- രൂപ സൂചന(3) പ്രകാരം അനുവദിച്ച് കഴിഞ്ഞിട്ടുണ്ട് എന്നും കാസർഗോഡ് ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലം വാങ്ങുന്നതിന് ശ്രീ. ഖാലിദിന് 6,00,000/- ലക്ഷം രൂപയും അദ്ബുൽ മജീദിന് 5,25,000/- രൂപയും (സ്ഥലത്തിന് അപേക്ഷകൻ ഒടുക്കിയ യഥാർത്ഥ വില) അനുവദിക്കണമെന്ന് കാസർഗോഡ് ജില്ല കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക ലാൻഡ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ല കളക്ടർ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് തിരിച്ചടച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ല കളക്ടറുടെ അപേക്ഷ പരിഗണിച്ച് മേൽ പറഞ്ഞ പ്രകാരം ഖാലിദിന് വീട് വെക്കുന്നതിന് **3,04,900/-** രൂപയും സ്ഥലം വാങ്ങുന്നതിന് **6,00,000/-** രൂപയും ചേർത്ത് **9,04,900/-** രൂപയും അബ്ദുൽ മജീദിന് സ്ഥലം വാങ്ങുന്നതിനുള്ള **5,25,000/-** രൂപയും ചേർത്ത് ആകെ **14,29,900/-** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

**4.**വിതരണത്തിനാവശ്യമായി വരുന്ന **14,29,900/-**രൂപ (പതിനാല് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള **T.P.80**അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ല കളക്ടർക്ക് നൽകേണ്ടതും, ജില്ല കളക്ടർ തുക വിതരണം ചെയ്തു ഒരാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കാസർഗോഡ് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 06-12-2024 11:02:12
സെക്ഷൻ ഓഫീസർ